# പതിമൂന്നാം കേരള നിയമസഭ

## ആറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 1341 — 13.12.2012 ൽ - മറുപടിക്ക്

## പൊതുവിതരണ രംഗത്തെ ജനകീയ വിജിലൻസ് കമ്മിറ്റികൾ

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. സി. ദിവാകരൻ<br>,, ജി. എസ്. ജയലാൽ<br>,, ഇ. കെ. വിജയൻ<br>,, കെ. രാജു | ശ്രീ. അനൂപ് ജേക്കബ്<br>(ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും, രജിസ്ട്രേഷനും വകുപ്പുമന്ത്രി) |
| (എ) പൊതുവിതരണ രംഗത്ത് സോഷ്യൽ ആഡിറ്റ് സമ്പ്രദായം നടപ്പാക്കിയതെന്നാണ്; ഈ സമ്പ്രദായം ഇപ്പോഴും തുടരുന്നുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ടാണെന്ന് വ്യക്തമാക്കുമോ; | (എ) സോഷ്യൽ ആഡിറ്റ് സമ്പ്രദായം നടപ്പിലാക്കിയിട്ടില്ല. |
| (ബി) ഭക്ഷ്യ പൊതു വിതരണ രംഗത്ത് ഇപ്പോൾ ജനകീയ വിജിലൻസ് കമ്മിറ്റികൾ പ്രവർത്തിക്കുന്നുണ്ടോ; പ്രസ്തുത കമ്മിറ്റികളുടെ പ്രവർത്തന ലക്ഷ്യങ്ങൾ എന്തെല്ലാമായിരുന്നു; | (ബി) ഉണ്ട്. പൊതുവിതരണരംഗം സുതാര്യമായും കാര്യക്ഷമമായും പ്രവർത്തിക്കുന്നുയെന്ന് ഉറപ്പുവരുത്തുകയാണ് കമ്മിറ്റികളുടെ ഉദ്ദേശലക്ഷ്യം. |
| (സി) സംസ്ഥാന-ജില്ലാ-ബ്ലോക്ക് തല ജനകീയ വിജിലൻസ് കമ്മിറ്റികൾ ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനു ശേഷം എത്ര യോഗങ്ങൾ വീതം ചേർന്നിട്ടുണ്ട്; | (സി) സംസ്ഥാന ഭക്ഷ്യോപദേശക വിജിലൻസ് കമ്മിറ്റി പുനഃസംഘടിപ്പിക്കുന്നതിനുള്ള നടപടി പൂർത്തികരിച്ചു വരുന്നതേയുള്ളു. ജില്ലാതലത്തിൽ 66 ഉം, താലൂക്ക് തലത്തിൽ 100 ഉം, പഞ്ചായത്ത് തലത്തിൽ 273 ഉം, മുനിസിപ്പാലിറ്റി തലത്തിൽ 4 ഉം യോഗങ്ങൾ ചേർന്നിട്ടുണ്ട്. |
| (ഡി) ഈ കാലയളവിൽ ഈ കമ്മിറ്റികൾ എത്ര പരിശോധനകൾ നടത്തി; എത്ര ക്രമക്കേടുകൾ സർക്കാരിലേയ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്? | (ഡി) പരിശോധനകൾ നടത്താൻ കമ്മിറ്റിയെ അധികാരപ്പെടുത്തിയിട്ടില്ല. |

സെക്ഷൻ ഓഫീസർ